# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

W6 – 11876/16 തീയതി : 12.03.2021

സർക്കുലർ നമ്പർ 47/ 2020-21

വിഷയം :- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് റോളിൽ നിന്നും നീക്കം ചെയ്ത തൊഴിലാളികളുടെ GWF മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. കേരള ഹെഡ് ലോഡ് വർക്കേഴ്സ് (ജനറൽ വെൽഫെയർ ഫണ്ട്) റെഗുലേഷൻ 1987
2. 23.02.2021 തീയതിയിലെ ചീഫ് എക്സിക്യൂട്ടീവിന്റെ നിർദ്ദേശം

കേരള ഹെഡ് ലോഡ് വർക്കേഴ്സ് (ജനറൽ വെൽഫെയർ ഫണ്ട്) റെഗുലേഷൻ 1987 പ്രകാരം പ്രതിമാസം 31.03.2013 വരെ 10/- രൂപ നിരക്കിലും, 01.04.2013 മുതൽ 20/- രൂപ നിരക്കിലും രജിസ്റ്റേഡ് തൊഴിലാളികളുടെ വേതനത്തിൽ നിന്നും കിഴിവ് ചെയ്യുന്ന ജനറൽ വെൽഫെയർ ഫണ്ട് അഥവാ പൊതു ക്ഷേമനിധി തുക കുടുംബ ക്ഷേമ പദ്ധതി പ്രകാരം തിരികെ നൽകുമ്പോൾ 60 വയസ്സ് പൂർത്തിയായി പെൻഷൻ ആയവർക്കും, മരണപ്പെട്ടവർക്കും, ജോലിക്കിടയിലുള്ള അപകടം മൂലം പിരിഞ്ഞു പോയവർക്കും സ്ലാബ് പ്രകാരമുള്ള ബോർഡ് വിഹിതം കൂടി ഉൾപ്പെടുത്തിയാണ് വിതരണം ചെയ്തു വരുന്നത്. എന്നാൽ മെഡിക്കൽ ഇൻവാലിഡേഷൻ, രാജി, അനധികൃതമായി ജോലിക്ക് ഹാജരാവാതെ പിരിച്ചുവിട്ടവർ എന്നിവർക്ക് ബോർഡ് വിഹിതത്തിന് അർഹതയില്ല. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മുഖേന പിരിഞ്ഞുപോകുന്ന തൊഴിലാളികളെ സർട്ടിഫിക്കറ്റ് തീയതിയിൽ തന്നെ റോളിൽ നിന്നും നീക്കം ചെയ്യേണ്ടതുണ്ട്. എന്നാൽ പല കമ്മിറ്റികളിലും ടി തീയതിയിൽ റോളിൽ നിന്നും നീക്കം ചെയ്യാതെ ബോർഡിൽ നിന്നും അനുമതി ലഭിക്കുന്നതുവരെ റോളിൽ നിലനിർത്തുകയും, അപ്രകാരം നിലനിർത്തുന്ന തീയതി വരെയുള്ള GWF വിഹിതം ബോർഡിലേക്ക് അടയ്ക്കുകയും ചെയ്യുന്നു. ഇത് ക്രമ പ്രകാരമല്ല. ആയതിനാൽ തൊഴിലാളിയെ ഇൻവാലിഡേറ്റ് ചെയ്യുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് തീയതിയിൽതന്നെ റോളിൽ നിന്നും നീക്കം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി തീയതിക്കു ശേഷമുള്ള കാലയളവിൽ GWF തുക തൊഴിലാളികളിൽ നിന്നും ഈടാക്കുവാനോ റീ ഇംബേഴ്സ് ചെയ്തു നൽകുവാനോ വ്യവസ്ഥയില്ല.

കൂടാതെ വിദേശാവധിയിൽ പോകുന്ന തൊഴിലാളികൾ ലീവ് കാലാവധിയിലേക്കുള്ള GWF തുക അഡ്വാൻസായി അടയ്ക്കുകയും ലീവ് കാലാവധി തീരുന്നതിനു മുൻപ് ലീവ് റദ്ദാക്കി ജോലിയിൽ പ്രവേശിക്കുകയും പിന്നീട് 60 വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് റോളിൽ നിന്നും പിരിഞ്ഞു പോവേണ്ടി വരുമ്പോൾ അഡ്വാൻസായി അധികം അടച്ച തുക സഹിതം തിരികെ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, കേരള ഹെഡ് ലോഡ് വർക്കേഴ്സ് (ജനറൽ വെൽഫെയർ ഫണ്ട് ) റെഗുലേഷൻ 1987 പ്ലാൻ വ്യവസ്ഥകൾ പ്രകാരം തൊഴിലാളി റോളിൽ പ്രവേശിച്ചതു മുതൽ പിരിഞ്ഞു പോകുന്നതുവരെയുള്ള കാലയളവിലെ GWF , ബോർഡ് വിഹിതം എന്നിവയക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. മേൽ വ്യവസ്ഥകൾക്കു വിരുദ്ധമായി GWF ക്ലെയ്മുകളിൽ അധികമായി നൽകിയ തുക ബോർഡിൽ നിന്നും റീ ഇംബേഴ്സ് ചെയ്തു നൽകുന്നതല്ല. മേൽ സർക്കുലർ നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ പാലിക്കേണ്ടതാണ്. ഇപ്രകാരമുള്ള അധിക ബാധ്യതയ്ക്ക് ബന്ധപ്പെട്ട ജില്ലാ / ഉപകാര്യാലയ ഉദ്യോഗസ്ഥർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കും.

ഈ സർക്കുലർ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീത് എല്ലാ ചെയർമാൻമാരും മടക്കത്തപാലിൽ അയക്കേണ്ടതും ഇതിന്റെ പകർപ്പ് സബ് ഓഫീസിലേക്ക് ജില്ലാ ഓഫീസിൽ നിന്നും അയച്ചു നൽകേണ്ടതുമാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി / സബ് ഓഫീസ് ചെയർമാൻ മാർക്കും,
ജില്ലാ സെക്രട്ടറി, ഫിനാൻസ് ഓഫീസർ, സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർമാർ

പകർപ്പ്

ബോർഡ് ഓഫീസിലെ എല്ലാ സൂപ്രണ്ടുമാർക്കും, എഫ്2 സെക്ഷൻ, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്